


.facebook.com/palakkadpolice
www.twitter.com/DpcPalakkad

# ജില്ലയിൽ രണ്ടിടങ്ങളിൽ ആയി 18.75 കിലോ കഞ്ചാവ് പിടിച്ചു

പതിനാലര കിലോ കഞ്ചാവുമായി ഒരാളെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും പുതുനഗരം പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ പിടികൂടി. വാളയാർ, ഡാം റോഡ് സ്വദേശി ജയകുമാർ , വ ഃ 29 നെയാണ് രഹസ്യവിവരത്തെത്തുടർന്ന് പുതുനഗരത്ത് വെച്ച് പിടികൂടിയത്.ടിയാൻ സഞ്ചരിച്ച ബൈക്കും, ബാഗിൽ സൂക്ഷിച്ച പതിനാല് കിലോ 500 ഗ്രാം കഞ്ചാവും കസ്റ്റഡിയിലെടുത്തു. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ പതിനഞ്ച് ലക്ഷം രൂപ വിലവരും.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP. C.D. ശ്രീനിവാസന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.ഒറീസ്സയിൽ നിന്നും കഞ്ചാവ് മൊത്തത്തിൽ കൊണ്ടുവന്ന് കോയമ്പത്തൂരിൽ സൂക്ഷിച്ച് വെച്ചാണ് ആവശ്യാനുസരണം ഇടപാടുകാർക്ക് കഞ്ചാവ് എത്തിച്ചു കൊടുക്കുന്നത്.

ആലത്തൂർ DySP. K.M. ദേവസ്യ , പുതുനഗരം സബ് ഇൻസ്പെക്ടർ K. മണികണ്ഠൻ, GSI. V. ഷാജു, ASI. സെബാസ്റ്റ്യൻ ജോസഫ്, SCPO മാരായ S. സന്തോഷ്, M. മണികണ്ഠൻ, A. സിയാവുൽ ഹഖ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, T. R. സുനിൽ കുമാർ, റഹിം മുത്തു, R. കിഷോർ, സൂരജ് ബാബു, K. അഹമ്മദ് കബീർ.K, R. വിനീഷ്, R. രാജീദ്, ദിലീപ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.



# പാലക്കാട് രണ്ടിടത്തായി 18.75 കിലോ കഞ്ചാവ് പിടികൂടി

**പുതുനഗരം:** പുതുനഗരത്തും വണ്ടിത്താവളത്തുമായി നടന്ന രണ്ട് റെയ്ഡിൽ പതിനെട്ടേമുക്കാൽ കിലോ കഞ്ചാവ് പിടികൂടി. ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും പുതുനഗരം, മീനാക്ഷിപുരം പോലീസും ചേർന്നാണ് കഞ്ചാവ് പിടികൂടിയത്. പിടിച്ചെടുത്ത കഞ്ചാവിന് പത്തൊമ്പതര ലക്ഷം രൂപ വിലവരും.

അറസ്റ്റിലായ ജയകുമാർ, മണികണ്ഠൻ

പുതുനഗരത്ത് പതിനാലര കിലോ കഞ്ചാവാണ് പിടികൂടിയത്. വാളയാർ ഡാം റോഡ് സ്വദേശി ജയകുമാറി(29)നെ അറസ്റ്റ് ചെയ്തു. കോയമ്പത്തൂർ പിച്ചന്നൂർ സ്വദേശി മണികണ്ഠനെ(22)യാണ് വണ്ടിത്താവളത്തിനടുത്ത് പെരുമാട്ടിയിൽ പിടികൂടിയത്. ഇയാൾ സഞ്ചരിച്ച ബൈക്കും ബാഗിൽ സൂക്ഷിച്ച നാലുകിലോ 250 ഗ്രാം കഞ്ചാവും പോലീസ് കസ്റ്റഡിയിലെടുത്തു.

ജില്ലാ പോലീസ് മേധാവി ശിവവിക്രമിന്റെ നിർദേശത്തെതുടർന്ന് നർകോട്ടിക് സെൽ ഡിവൈഎസ്പി സി.ഡി. ശ്രീനിവാസന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

ഒഡിഷയിൽനിന്നും കഞ്ചാവ് മൊത്തത്തിൽ കൊണ്ടുവന്നു കോയമ്പത്തൂരിൽ സൂക്ഷിച്ചുവച്ചാണ് ആവശ്യാനുസരണം ഇടപാടുകാർക്കു കഞ്ചാവ് എത്തിച്ചു കൊടുക്കുന്നത്. ട്രെയിൻ ഗതാഗതം നിന്നതോടെ റോഡുമാർഗമാണ് കേരളത്തിലേക്കു കഞ്ചാവ് വരുന്നത്. പാലക്കാടൻ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ചില്ലറവില്പനക്കാർക്കു കൈമാറാൻ കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. ലോക്ക്ഡൗൺ തുടങ്ങിയതോടെ കഞ്ചാവ് കിട്ടാതാവുകയും വില ഇരട്ടിയിലധികമാവുകയും ചെയ്തിരുന്നു.

മീൻ, പച്ചക്കറി, മറ്റു ചരക്കുവാഹനങ്ങളിലാണ് കഞ്ചാവ് കേരളത്തിലേക്കു കടത്തുന്നത്. ഊടുവഴികളിലൂടെ ഇരുചക്ര വാഹനങ്ങളിലും കഞ്ചാവ് കടത്തുന്നതായി സൂചനകൾ ലഭിച്ചിട്ടുണ്ട്.

അറസ്റ്റിലായ പ്രതികൾക്കെതിരെ നിരവധി കേസുകൾ നിലവിലുണ്ട്.

പ്രതികളെ കോവിഡ് പരിശോധനയ്ക്കു ശേഷമായിരിക്കും കോടതിയിൽ ഹാജരാക്കുക.

പുതുനഗരത്ത് ആലത്തൂർ ഡിവൈഎസ്പി കെ.എം.ദേവസ്യ, പുതുനഗരം സബ് ഇൻസ്പെക്ടർ കെ. മണികണ്ഠൻ, ജിഎസ്ഐ വി. ഷാജു, എഎസ്ഐ സെബാസ്റ്റ്യൻ ജോസഫ്, എസ്സിപിഒമാരായ എസ്. സന്തോഷ്, എം. മണികണ്ഠൻ, എ. സിയാവുൽ ഹഖ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്. ജലീൽ, ടി.ആർ. സുനിൽകുമാർ, റഹിം മുത്തു, ആർ. കിഷോർ, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ.ആർ. വിനീഷ്, ആർ. രാജീദ്, ദിലീപ്, എസ്.ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

വണ്ടിത്താവളത്തു പാലക്കാട് ഡിവൈഎസ്പി മനോജ് കുമാർ, മീനാക്ഷിപുരം എസ്ഐ സി.കെ.രാജേഷ്, അഡീഷണൽ എസ്ഐ ലാൽസൻ, എസ്സിപിഒ സജീവൻ, സിപിഐമാരായ അനുരഞ്ജിത്ത്, അനു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്പി ജലീൽ, ടി.ആർ.സുനിൽ കുമാർ, റഹിം മുത്തു, ആർ.കിഷോർ, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ.ആർ.വിനീഷ്, ആർ. രാജീദ്, ദിലീപ്, എസ്.ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

നാല്ല കിലോ കഞ്ചാവുമായി ഒരാളെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും മീനാക്ഷിപുരം പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ പിടികൂടി. കോയമ്പത്തൂർ, പിച്ചന്നൂർ, സ്വദേശി മണികണ്ഠൻ , വ ഃ 22 നെയാണ് വണ്ടിത്താവളത്തിനടുത്ത് പെരുമാട്ടിയിൽ വെച്ച് പിടികൂടിയത്.

ടിയാൻ സഞ്ചരിച്ച ബൈക്കും, ബാഗിൽ സൂക്ഷിച്ച നാല് കിലോ 250 ഗ്രാം കഞ്ചാവും കസ്റ്റഡിയിലെടുത്തു. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ നാല്ല ലക്ഷം രൂപ വിലവരും.

പാലക്കാട് DySP മനോജ് കുമാർ, മീനാക്ഷിപുരം S.I., C. K. രാജേഷ്, അഡീഷണൽ S.I., ലാൽസൻ , SCPO സജീവൻ, CPO മാരായ അനുരഞ്ജിത്ത് , അനു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, T. R. സുനിൽ കുമാർ, റഹിം മുത്തു, R. കിഷോർ, സൂരജ് ബാബു, K. അഹമ്മദ് കബീർ.K, R. വിനീഷ്, R. രാജീദ്, ദിലീപ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

…………………………………………………………………………………………………………

